**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 687** **23-02-2022 - ൽ മറുപടിയ്ക്ക്**

**പ്രവർത്തന രഹിതമായിക്കിടക്കുന്ന കയർ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ജി.ഒ(എം.എസ്.) നം.153/2010/ഐ.ഡി., തീയതി 16-07-2010 ഉത്തരവിൻ പ്രകാരമുള്ള നടപടികൾ വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | സ.ഉ (കൈ) നം.153/2010/ഐ.ഡി., തീയതി 16-07-2010 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ 44 കയർ സഹകരണ സൊസൈറ്റികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയിൽ ഇളവ് നൽകുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ നിലവിലുള്ള വൈദ്യുതി നിയമം 2003-ന്റെ സെക്ഷൻ-65 അനുശാസിക്കുന്ന പ്രകാരം സർക്കാർ ഇളവ് നൽകുന്ന കുടിശ്ശിക തുക ബോർഡിനു നൽകിയാൽ മാത്രമേ ടി സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് നിർവാഹമുള്ളൂ. ഈ കാര്യങ്ങൾ എല്ലാം തന്നെ കയർ വികസന ഡയറക്ടറെയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പുകളിൽ നിന്നും ഇത് സംബന്ധിച്ചിട്ടുള്ള തീരുമാനം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഉത്തരവ് നടപ്പാക്കാത്തത് മൂലം നിരവധി കയർ സഹകരണ സംഘങ്ങൾ പ്രവർത്തന രഹിതമായിക്കിടക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | സ.ഉ (കൈ) നം.153/2010/ഐ.ഡി., തീയതി 16-07-2010 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ 44 കയർ സഹകരണ സൊസൈറ്റികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയിൽ ഇളവ് നൽകുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ നിലവിലുള്ള വൈദ്യുതി നിയമം 2003-ന്റെ സെക്ഷൻ-65 അനുശാസിക്കുന്ന പ്രകാരം സർക്കാർ ഇളവ് നൽകുന്ന കുടിശ്ശിക തുക ബോർഡിനു നൽകിയാൽ മാത്രമേ ടി സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് നിർവാഹമുള്ളൂ. ഈ കാര്യങ്ങൾ എല്ലാം തന്നെ കയർ വികസന ഡയറക്ടറെയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പുകളിൽ നിന്നും ഇത് സംബന്ധിച്ചിട്ടുള്ള തീരുമാനം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ